തെക്കൻ തിരുവിതാംകൂറിലെ വെടിവയ്പ്.

*631. [19] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കൻ തിരുവിതാംകൂറിലെ വെടിവയ്പ്പിൽ മൃതിയടഞ്ഞവരുടെ ബന്ധുക്കൾക്കും, മുറിവുമൂലം ആരോഗ്യം നഷ്ടപ്പെട്ടവർക്കും നഷ്ട പരിഹാരം നൽകാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനകം എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ & ബി) വെടിയേറ്റ് മരിച്ച ഏഴു പേരിൽ അസനാരു പിള്ള പീരുമുഹമ്മദ്, നാഗൻപിള്ള ചെല്ലപ്പൻപിള്ള, രാമയ്യൻ, പപ്പുപ്പിക്കർ എന്നീ നാലു പേരുടെ അടുത്ത അവകാശികൾക്ക് അഞ്ഞൂറു രൂപ വീതം നൽകുവാൻ ഉത്തരവിട്ടിട്ടുണ്ട്. മറ്റു മൂന്നു പേരുടെ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു.

പി. എസ്സ്. പി. ഗവണ്മെൻറ് പാസ്സാക്കിയ ഉത്തരവുകൾ.

*632. [20] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്നത്തെ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം മുൻ പി. എസ്സ്. പി. ഗവണ്മെൻറിന്റെ ഏതെങ്കിലും ഉത്തരവുകളെ ക്യാൻസൽ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) ഭേദഗതികൾ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഈ) സ്റ്റേ ചെയ്തിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഏതെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ബാർട്ടൻഹിൽ ഗേൾസ് ഹൈസ്കൂൾ മാറ്റുന്നതിനെ സംബന്ധിച്ചുള്ള ഉത്തരവ് റദ്ദു ചെയ്തിട്ടുണ്ട്.

(സി) (ഡി) & (ഈ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

അഴിമതി നിവാരണകമ്മീഷൻ.

*633. [28] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിനിവാരണ കമ്മീഷൻ നിയമിക്കാൻ ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ ?

LIBRARY ARCHIVES Kerala Legislative Assembly